# സാമൂഹിക പുരോഗതിക്ക് സംഘടിത സകാത്ത് വളരണം
# ബൈത്തുസ്സകാത്ത് കേരളയിൽ പങ്കാളികളാവുക




بيــــــت الزكــــــاة كيــــــرلا
**ബൈത്തുസ്സകാത്ത് കേരള**
BAITHUZZAKATH KERALA
www.baithuzzakathkerala.org



## നിങ്ങൾ സകാത്തിനെക്കുറിച്ച് ആലോചിച്ചു നോക്കിയിട്ടുണ്ടോ?

ഇസ്‌ലാമിന്റെ മൂന്നാം തൂണാണ് സകാത്ത്. നമസ്കാരത്തോടൊപ്പം ചേർത്ത് 27 സ്ഥലങ്ങളിൽ ഖുർആനിൽ കല്പിക്കപ്പെട്ട ആരാധനാ കർമമാണത്. ജീവിത വിശുദ്ധിയും സമൂഹത്തിൽ സാമ്പത്തിക വളർച്ചയും ഉറപ്പ് വരുത്തുന്ന ഇസ്‌ലാമിന്റെ മനോഹരമായ ആവിഷ്കാരമാണ് സകാത്ത്. തലചായ്ക്കാൻ ഇടമില്ലാത്തവർ, കുടിവെള്ളം കിട്ടാക്കനിയായവർ, മാരകരോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർ, സാമ്പത്തിക പരാധീനതകളാൽ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നവർ, തൊഴിലില്ലാത്തവർ, മാന്യമായ ജീവിത സാഹചര്യമില്ലാത്തത് കൊണ്ട് ബാലവേലയിലേക്കും അസാന്മാർഗിക ജീവിതത്തിലേക്കും നയിക്കപ്പെടുന്നവർ, ജയിലിലിടക്കപ്പെട്ട നിരപരാധികൾ ഇങ്ങനെ നിത്യജീവിതം ദുരിതത്തിലായ അനേകം പേർ നമുക്ക് ചുറ്റുമുണ്ട്.





സകാത്ത് ശേഖരിച്ച് സാമൂഹ്യ പുരോഗതിക്കുതകുന്ന രീതിയിൽ വിനിയോഗിക്കുന്ന, കേരളത്തിലെ മുഴുവൻ ജില്ലകളിലും പ്രവർത്തന ശൃംഖലയുള്ള സംഘടിത സകാത്ത് സംരംഭമാണ് ബൈത്തുസ്സകാത്ത് കേരള. പതിനയ്യായിരത്തോളം ഗുണഭോക്താക്കൾക്ക് ഇതിനകം സകാത്ത് വിതരണം ചെയ്യാൻ ബൈത്തുസ്സകാത്തിന് കഴിഞ്ഞിട്ടുണ്ട്.

നൂറ്റാണ്ടിലെ മഹാപ്രളയത്തിൽ സർവതും നഷ്ടപ്പെട്ട നൂറുകണക്കിന് ആളുകളുടെ കണ്ണീരൊപ്പാൻ ശരിയായ രീതിയിലുള്ള സകാത്ത് വിനിയോഗത്തിലൂടെ ബൈതുസ്സകാത്തിന് സാധിച്ചിട്ടുണ്ട്. താങ്കളുടെയും കുടുംബത്തിന്റെയും സകാത്ത് ബൈത്തുസ്സകാത്ത് കേരളയെ ഏൽപിക്കുക. ഏറ്റവും അർഹരായവരിലേക്ക് നിങ്ങളുടെ സകാത്ത് എത്തിച്ചേരും. അവരുടെ ജീവിതത്തിന്റെ പ്രയാസങ്ങൾക്ക് ആശ്വാസമാകും. അല്ലാഹു താങ്കൾക്കും കുടുംബത്തിനും സമൃദ്ധിയും സമാധാനവും നൽകട്ടെ.

പ്രാർത്ഥനയോടെ<br>
വി.കെ അലി<br>
(ചെയർമാൻ, ബൈത്തുസ്സകാത്ത് കേരള)



# ബൈത്തുസ്സകാത്തിന്റെ പ്രത്യേകതകൾ

- സ്വതന്ത്ര സകാത്ത് സംവിധാനങ്ങളെ സംയോജിപ്പിക്കാനുള്ള സൗകര്യം.
- പ്രാദേശിക, ഏരിയ, ജില്ലാ തലങ്ങളിൽ 1700 ഫീൽഡ് കോർഡിനേറ്റർമാരുൾക്കൊള്ളുന്ന പ്രവർത്തന ശൃംഖല.
- സകാത്ത് സംരംഭങ്ങൾക്ക് മാർഗദർശനം, പരിശീലനങ്ങൾ, പ്രവർത്തന വിലയിരുത്തൽ
- അന്താരാഷ്ട്ര സകാത്ത് സെമിനാർ
- സകാത്ത് ഗവേഷണത്തിന് ഫെലോഷിപ്പ്
- ജില്ലാതല സകാത്ത് സെമിനാറുകൾ
- സകാത്ത് കാൽകുലേറ്റർ
- സകാത്ത് കമ്മറ്റി ഭാരവാഹികൾക്കും ജീവനക്കാർക്കും വർക്ഷോപ്പുകൾ, ട്രൈനിംഗുകൾ






# ബൈത്തുസ്സകാത്ത് കേരളയും– ഇഖ്റ ഹോസ്പ്പിറ്റലും കൈകോർക്കുന്നു

നിർധനരായ രോഗികൾക്ക് സൗജന്യ നിരക്കിൽ വിദഗദ്ധ ചികിത്സ ലഭ്യമാക്കാൻ ഇഖ്റ ഹോസ്പിറ്റലും ബൈത്തുസകാത്ത് കേരളയും തമ്മിൽ ധാരണയായി. ഏരിയ കോഡിനേറ്റർമാർ മുഖേന സ്വീകരിക്കുന്ന മെഡിക്കൽ അപേക്ഷകളാണ് ഇതിലേക്ക് പരിഗണിക്കുക



# പീപ്പിൾസ് ഫൗണ്ടേഷനുമായി ചേർന്ന് നടപ്പാക്കിയ മണ്ണാർക്കാട് പീപ്പിൾസ് വില്ലേജ്

**എട്ടു വീടുകളും കുടിവെള്ള പദ്ധതിയും പീപ്പിൾസ് ഫൗണ്ടേഷൻ നൽകിയ ഭൂമിയിലാണ് നിർമിച്ചത്**





# പിന്നിട്ട 20 വർഷം തണലായിത്തീർന്ന ജനക്ഷേമ പദ്ധതികൾ

**3459** രോഗികൾക്ക് ചികിത്സാ സഹായം

**1632** വ്യക്തികൾക്ക് കടബാധ്യത തീർക്കുന്നതിനുള്ള സഹായം

**766** വീടുകളുടെ നിർമ്മാണത്തിന് പൂർണ്ണ സഹായം

**1584** വ്യക്തികൾക്ക് തൊഴിൽ പദ്ധതികൾ

**2752** വീടുകളുടെ നിർമ്മാണ പൂർത്തീകരണത്തിന് സഹായം

**2237** വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്

**209** കുടിവെള്ള പദ്ധതികൾ

**1780** വ്യക്തികൾക്ക് റേഷൻ പെൻഷൻ

BAITHUZZAKATH, KERALA



# സകാത്ത് പ്രൊജക്റ്റ് സ്കീം

| സ്കീമുകൾ | പരമാവധി അനുവദിക്കുന്ന തുക |
|---|---|
| ഭവന നിർമാണം | 3.5 ലക്ഷം (ഒരു വീട്) |
| ഭവന നിർമാണ പൂർത്തീകരണം | 1 ലക്ഷം (ഒരു വീട്) |
| സ്കോളർഷിപ്പ് | 30,000 (ഒരു വിദ്യാർഥി) |
| തൊഴിൽ – ഒരു വ്യക്തിക്ക് ശരാശരി | 2 ലക്ഷം |
| ചികിത്സ – ഒരു വ്യക്തിക്ക് ശരാശരി | 30,000 രൂപ |
| കടാധ്യത – ഒരു വ്യക്തിക്ക് ശരാശരി | 30,000 രൂപ |
| കുടിവെള്ള പദ്ധതി – ഒരു പദ്ധതിക്ക് ശരാശരി | 2.5 ലക്ഷം |
| പെൻഷൻ – ഒരു വർഷം | 24,000 രൂപ |

## 2021– 22
## പദ്ധതികൾ






അന്താരാഷ്ട്ര സകാത്ത് സെമിനാർ



ബൈത്തുസ്സക്കാത്ത് നിർമിച്ചു നൽകിയ വീട്



നിർധന കുടുംബത്തിന് നിർമിച്ചു നൽകിയ വീടിന്റെ താക്കോൽ വയനാട് ജില്ലാ കലക്ടർ അദീല അബ്ദുല്ല കൈമാറുന്നു



സ്വയം തൊഴിൽ സംരംഭങ്ങളുടെ വിതരണം




വിവിധ പദ്ധതികൾക്കുള്ള സഹായ വിതരണം മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവഹിക്കുന്നു

# നിങ്ങളുടെ സകാത്ത് കണക്കാക്കാം

| സകാത്ത് ബാധക മാകുന്ന ഇനങ്ങൾ | ബാധകമാകുന്ന പരിധി | |
|---|---|---|
| സ്വർണം, രത്നം മുത്ത്, പവിഴം തുടങ്ങിയവ | 85ഗ്രാം സ്വർണ്ണത്തിന്റെ ആഭരണമോ അതിന്റെ വിലക്കുള്ള മുത്തോ പവിഴമോ രത്നമോ ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ | 2.5% |
| വെള്ളി | 595 ഗ്രാം | 2.5% |
| നെല്ല്, നാളികേരം, അടക്ക | കാർഷിക ചെലവും വിളവെടുപ്പ് ചെലവും കഴിച്ച് ഒരു വർഷം ഏകദേശം 1300 കിലോഗ്രാം നെല്ല്/ തത്തുല്യമായ വിലക്ക് നാളികേരം, അടക്ക ഉണ്ടെങ്കിൽ അതിന്റെ | 10% |
| | ചെലവ് കഴിക്കുന്നില്ലെങ്കിൽ | 5% |
| റബർ, കശുവണ്ടി, കുരുമുളക്, തേയില തുടങ്ങിയവ | ഒരു വർഷം ഏകദേശം 1300 കിലോഗ്രാം നെല്ലിന്റെ വിലക്ക് തുല്യമായ വരുമാനമുണ്ടെങ്കിൽ അതിന്റെ | 10% |
| | ചെലവ് കഴിക്കുന്നില്ലെങ്കിൽ | 5% |
| | നാണ്യവിളയായി പരിഗണിക്കുകയാണെ-ങ്കിൽ 2 1/2 ശതമാനം –പ്രബലം ആദ്യത്തേതാണ് | |
| കപ്പ, കിഴങ്ങ്, ചേന, ചേമ്പ്, വാഴ, പയർ, വെള്ളരി, മാങ്ങ, ചക്ക, പപ്പായ തുടങ്ങിയവ | കൃഷിക്കും വിളവെടുപ്പിനുമുള്ള ചെലവു കഴിച്ച് ഒരു വർഷം ഏകദേശം 650 കിലോഗ്രാം അരിയുടെ വിലക്ക് തുല്യമായ വരുമാനമുണ്ടെങ്കിൽ വരവിന്റെ | 10% |
| വാടക കെട്ടിടം, വ്യവസായം, ഗോട്ട് ഫാം, പൗൾട്രി ഫാം, ട്രാവൽ ഏജൻസി, ബസ്സ്, ജീപ്പ്, ഓട്ടോറിക്ഷ, ആശുപത്രി സ്കൂൾ തുടങ്ങിയവ | നടത്തിപ്പ് ചെലവും കൂലിയും ഡിപ്രിസിയേഷനും കഴിച്ച് ഏകദേശം 650 കിലോഗ്രാം അരിയുടെ വില വാർഷിക വരുമാനമുണ്ടെങ്കിൽ വരവിന്റെ (85 ഗ്രാം സ്വർണത്തിന്റെ അത്രയുണ്ടെങ്കിലേ നൽകേണ്ടതുള്ളൂവെന്നും 2 1/2 ശതമാനമാണെന്നും അഭിപ്രായമുള്ളവരുണ്ട്) | 10% |
| മൊത്തം കാർഷിക വിളകൾ | ഓരോയിനത്തിനും സകാത്തിന്റെ പരിധിയെത്താതിരിക്കുകയും വിവിധ കാർഷികയിനങ്ങളിൽ നിന്നായി ഒരു വർഷം 650 കിലോഗ്രാം അരിയുടെ വില വരുമാനമുണ്ടെങ്കിൽ വരവിന്റെ | 10% |
| കച്ചവടം | കച്ചവടച്ചെലവും കൂലിയും ടാക്സും കഴിച്ചുള്ളഒരു കൊല്ലത്തെ ലാഭവും കൊല്ലം തികയുമ്പോൾ കടയിലുള്ള വിൽപന ച്ചരക്കിന്റെ വിലയും കൂട്ടി 85 ഗ്രാം സ്വർണ ത്തിന്റെ വിലയുണ്ടെങ്കിൽ ആകെയുള്ള തിന്റെ. (കിട്ടാക്കടം, ചരക്ക് വാങ്ങിയ വകയിൽ ഇടപാടുകാർക്ക് കൊടുക്കാനുള്ള പണം എന്നിവ കിഴിക്കാവുന്നതാണ്) | 2.5% |

| സകാത്ത് ബാധക മാകുന്ന ഇനങ്ങൾ | ബാധകമാകുന്ന പരിധി | |
|---|---|---|
| ശമ്പളം, കൂലി, ഡോക്ടർമാരുടെ ഫീസ്, എഞ്ചിനീയർമാരുടെ സൂപ്പർവിഷൻ ഫീ, കൺസൽട്ടൻസി ഫീ, കമ്മീഷൻ തുടങ്ങിയവ | അടിസ്ഥാന ജീവിത ചെലവുകൾ കഴിച്ച് ഒരുവർഷം 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ (വ്യക്തിയാണെങ്കിലും കമ്പനിയാണെങ്കിലും കൺസൽട്ടൻസി ഫീസ്, ശമ്പളം, കമ്മീഷൻ തുടങ്ങിയവ നിസാബ് തികഞ്ഞ സംഖ്യയാണെങ്കിൽ അത് കൈവശം വരുന്ന സന്ദർഭത്തിൽ തന്നെ സകാത്ത് നൽകണം) | 2.5% |
| മത്സ്യം | വ്യാപാര ചരക്കാണെങ്കിൽ | 2.5% |
| | മത്സ്യ ബന്ധനം നടത്തുന്നവർ ലഭിച്ച വരുമാനത്തിന്റെ ചെലവ് കഴിച്ച് | 10% |
| | ചെലവ് കഴിക്കാതെ | 5% |
| ബോണസ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, ഗ്രാറ്റ്വിറ്റി തുടങ്ങിയവ | 85 ഗ്രാം സ്വർണത്തിന്റെ വിലക്ക് സമാനമായ സംഖ്യ ഉണ്ടെങ്കിൽ | 2.5% |
| ഷെയർ (കച്ചവടം) | കച്ചവടക്കാരൻ സകാത്ത് കൊടുക്കുന്നില്ലെങ്കിൽ ഷെയർ സംഖ്യയും ലാഭവിഹിതവും കൂടി 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ | 2.5% |
| ഷെയർ (വ്യവസായം, സ്കൂൾ, വാടക കെട്ടിടം, ആശുപത്രി തുടങ്ങിയവയിൽ) | വാർഷിക വരുമാനം 650 കിലോഗ്രാം അരിയുടെ വില ഉണ്ടെങ്കിൽ വരുമാന ത്തിന്റെ (85 ഗ്രാം സ്വർണത്തിന്റെ അത്രയുണ്ടെങ്കിലേ നൽകേണ്ടതുള്ളൂവെന്നും 2 1/2 ശതമാനമാണെന്നും അഭിപ്രായമുള്ളവരുണ്ട്) | 10% |
| റിയൽ എസ്റ്റേറ്റ് | ഒരുവർഷത്തെ ലാഭവും വർഷാവസാനം കൈവശമുള്ള വിൽപന ഭൂമിയുടെ വിലയും കൂടി 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ ആകെയുള്ളതിന്റെ (ഭൂമി എപ്പോഴാണോ വിൽപന നടത്തുന്നത് അപ്പോൾ മാത്രമേ അതിന് സകാത്ത് നൽകേണ്ടതുള്ളൂ എന്ന അഭിപ്രായവുമുണ്ട്) | 2.5% |
| നിധി, കരിങ്കല്ല്, വെട്ടുകല്ല്, മണൽ തുടങ്ങിയവ | ചെലവും കൂലിയും കഴിച്ചുള്ള വരവിന്റെ | 20% |
| മൊത്തം വരവ് | കാർഷിക വരുമാനം സകാത്തിന്റെ പരിധിയെത്തില്ല, കച്ചവടവും എത്തിയില്ല, എന്നാൽ അവയും ശമ്പളവും മറ്റു പലവിധ വരവും കൂട്ടി അടിസ്ഥാന ജീവിത ചെലവുകൾ കഴിച്ച് 85 ഗ്രാം സ്വർണത്തിന്റെ വില ഉണ്ടെങ്കിൽ | 2.5% |



Account Name : BAITHUZZAKATH KERALA
A/c.No. : 13890100118107
Bank : **FEDERAL BANK**, Branch: S.M STREET
IFSC Code :FDRL0001389.

Account Name : BAITHUZZAKATH KERALA
A/c.No.: 13890200007325
Bank : **FEDERAL BANK**, Branch : S.M STREET
IFSC Code :FDRL0001389.

Account Name : BAITHUZZAKATH KERALA
A/c.No. : 917010070927988
Bank : **AXIS BANK**, Branch : MAVOOR ROAD
IFSC Code :UTIB0002916


بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA
www.baithuzzakathkerala.org

26/1168 A, Ponmuliparambu, Kottooli P.O, Arayidathupalam,
Mavoor Road, Kozhikode -16, Phone: 0495 274 3701, Mob: 9846888700
E-mail: baithuzzakathkerala@gmail.com